**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3151** **26-06-2024 - ൽ മറുപടിയ്ക്ക്**

**വള്ളിത്തോട്- മണത്തണ മലയോര ഹൈവേ പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വള്ളിത്തോട്-മണത്തണ മലയോര ഹൈവേ പുനർ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത റോഡിലെ പാലങ്ങൾ പുനർ നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; പ്രസ്തുത റോഡ് നിർമ്മാണത്തിലെ കാലതാമസം മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ? | (എ) | മലയോര ഹൈവേയിലുൾപ്പെട്ട കണ്ണൂർ ജില്ലയിലെ വള്ളിത്തോട് അമ്പായത്തോട് റോഡ് പ്രവർത്തിക്ക് കിഫ്ബിയിൽ നിന്നും 50.47 കോടി രൂപയുടെ സാമ്പത്തികാനുമതിയും 12.11.2021-ന് 52.91 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി, വർക്ക് ടെണ്ടർ ചെയ്തിട്ടുണ്ട്. തുടർന്ന് M/s Irikkur Construction Companyക്ക് 49.39 കോടി രൂപയ്ക്ക് കരാർ നൽകി. ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ച പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 13.03.2024 ന് കിഫ്ബിയിൽ നിന്നും 83.17 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്.<br><br>നിലവിൽ പ്രോജക്റ്റിന്റെ പ്രവൃത്തികൾ പുരോഗമിച്ചു വരികയാണ്. ഈ പ്രവൃത്തിയിലുൾപ്പെടുത്തി 8.2 കി.മീ ദൂരം DBM മെക്കാഡം ടാറിംഗ് ചെയ്തിട്ടുണ്ട്. കൂടാതെ ഓവുചാലിന്റെയും സംരക്ഷണഭിത്തിയുടെയും പ്രവൃത്തികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അവ 80% പൂർത്തിയായിട്ടുണ്ട്. മേൽ പ്രവർത്തിയിലുൾപ്പെട്ട 3 പാലങ്ങളിൽ, വേമ്പുഴ, ചെന്തോട് എന്നീ പാലങ്ങളുടെ പ്രവർത്തികൾ വേഗത്തിൽ നടന്നുവരികയാണ്. ആനപന്തി പാലത്തിന്റെ പ്രവർത്തികൾ ആരംഭിക്കേണ്ടതുണ്ട്.<br><br>പ്രവർത്തി നടക്കുന്ന സമയത്ത് വാഹനങ്ങൾക്കും, കാൽനടയാത്രക്കാർക്കും സുഗമമായ സഞ്ചാരം ഉറപ്പുവരുത്തുന്നതിന് വേണ്ടി സർവ്വീസ് റോഡുകളും ബൈപ്പാസ് റോഡുകളും സജ്ജമാക്കി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ